(സി) പ്രസ്തുത നിവേദനത്തിൻമേൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; ഇദ്ദേഹത്തിന് സംരക്ഷണം നൽകുവാൻ നടപടി എടുക്കുമോ?

ഉത്തരം

(എ),(ബി)&(സി) ഇതു സംബന്ധിച്ച ഒരു നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതു പരിശോധനയിലാണ്. ഇക്കാരണത്താൽ ശ്രീ. സോമശേഖരൻ നായർ അവധിയിൽ പ്രവേശിച്ചതായി അറിവില്ല.

71 (1431) സെക്രട്ടേറിയറ്റ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കെട്ടിടം അനുവദിച്ച നടപടി

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 2620-ന് സെക്രട്ടേറിയറ്റ് മെയിൻ കാമ്പസിൽ ഇൻഡ്യൻ കോഫിഹൗസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ താഴത്തെ നില അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) പ്രസ്തുത സഹകരണസംഘത്തിന്റെ എന്തെല്ലാം പ്രവർത്തന ആവശ്യങ്ങൾക്ക് വേണ്ടിയാണ് പ്രസ്തുത സ്ഥലം അനുവദിച്ചത്; ഈ സ്ഥലം അനുവദിച്ചു കിട്ടുന്നതിന് എന്നാണ് അപേക്ഷ നൽകിയത്;

(സി) പ്രസ്തുത സ്ഥലം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടേറിയറ്റിൽ പ്രവർത്തിക്കുന്ന മറ്റേതെങ്കിലും സ്ഥാപനം അപേക്ഷ നൽകിയിരുന്നുവോ; എങ്കിൽ എന്നാണ് അപേക്ഷ നൽകിയിരുന്നത്; പ്രസ്തുത അപേക്ഷ പരിഗണിച്ചുവോ; ഇല്ലെങ്കിൽ കാരണം എന്താണ്?

ഉത്തരം

(എ) ഉത്തരവ് പുറപ്പെടുവിച്ചു. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) സ്ഥലം ഉപയോഗിക്കുന്നതു സംബന്ധിച്ച് വ്യവസ്ഥയൊന്നും നിഷ്കർഷിച്ചിട്ടില്ല. 6.7.98 ലെ അപേക്ഷ 24.7.98 ൽ സർക്കാരിന് ലഭിച്ചു.

(സി) ഇല്ല.

72 (1432) സെക്രട്ടേറിയറ്റ് ജീവനക്കാർക്കെതിരെ സ്വീകരിച്ച നടപടി

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഗവൺമെന്റ് സെക്രട്ടേറിയറ്റ് ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ തസ്തിക തിരിച്ചുള്ള കണക്ക് നൽകുമോ?

ഉത്തരം

(എ) 51 പേർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

73 (1433) പോലീസ് അസോസിയേഷൻ തെരഞ്ഞെടുപ്പ്

ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. എ.കെ. മണി :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് അസോസിയേഷൻ തെരഞ്ഞെടുപ്പ് സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചശേഷം നിരവധി പോലീസുദ്യോഗസ്ഥരെ ആംഡ് പോലീസ് കമ്പനികളിൽ നിന്നും പരസ്പരം സ്ഥലം മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇലക്ഷൻ നടപടികൾ ആരംഭിച്ചശേഷം യൂണിറ്റുകൾ വിട്ടുള്ള ട്രാൻസ്ഫർ ഇലക്ഷനെ ബാധിക്കുമോ;

(സി) സ്വതന്ത്രവും നീതിപൂർവ്വവുമായ തെരഞ്ഞെടുപ്പിനെ ബാധിക്കുമെന്നതിനാൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച 15.6.99 - ന് ശേഷം നടത്തിയ കമ്പനിവിട്ടുള്ള ട്രാൻസ്ഫറുകൾ റദ്ദാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) എസ്.എ.പി. യിലെ ഒരു കമ്പനിയിലേയ്ക്ക് പോലീസ് പരിശീലനവുമായി ബന്ധപ്പെട്ട് ചില പരിചയസമ്പന്നരെ മാറ്റി നിയമിച്ചിട്ടുണ്ട്.

(ബി)&(സി) യൂണിറ്റുകൾ വിട്ടുള്ള സ്ഥലം മാറ്റങ്ങൾ നടത്തിയിട്ടില്ല.

74 (1434) പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം നിർമ്മിക്കൽ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ കായംകുളം, കരീലക്കുളങ്ങര, കനകക്കുന്ന് പോലീസ് സ്റ്റേഷനുകൾ സ്വന്തം കെട്ടിടത്തിലല്ല പ്രവർത്തിക്കുന്നത് എന്ന കാര്യം പരിഗണിച്ച് സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കാൻ ആഭ്യന്തര വകുപ്പിന് പരിപാടിയുണ്ടോ;

(ബി) വിശദവിവരങ്ങൾ നൽകുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly